ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25-02-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അഞ്ച് ദിവസത്തെ ബിഹാർ, മദ്ധ്യപ്രദേശ്, ഗുജറാത്ത് സന്ദർശനത്തിന് തുടക്കം.

   **President Droupadi Murmu's five-day visit to Bihar, Madhya Pradesh and Gujarat has begun.**

2. ആഗോളതലത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്ന സാഹചര്യത്തിലും ഇന്ത്യയുടെ വികസനം ദ്രുതഗതിയിൽ മുന്നോട്ടുപോകുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. അസമിലെ ഗുവാഹത്തിയിൽ അഡ്വാന്റേജ് അസം 2.0 ഉച്ചകോടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

   **Prime Minister Narendra Modi said that India's development is progressing rapidly despite global uncertainty. The Prime Minister addressed the Advantage Assam 2.0 Summit in Guwahati, Assam.**

3. കേരളത്തിൽ 28 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ 15 സീറ്റുകളിൽ എൽ.ഡി.എഫിനും 13 ഇടത്ത് യു.ഡി.എഫിനും വിജയം.

   **In the by-elections held to 28 local self-government bodies in Kerala, the LDF won 15 seats and the UDF won 13.**

4. ഡൽഹി നിയമസഭയിൽ പ്രതിപക്ഷ ബഹളം, പ്രതിഷേധിച്ച 15 ആം ആദ്മി എം എൽ എ മാർക്ക് സസ്പെൻഷൻ.

**Opposition ruckus in Delhi Assembly. 15th Aam Aadmi Party MLAs suspended for protesting.**

5. റഷ്യയും യുക്രൈനും തമ്മിൽ ശാശ്വത സമാധാനം പുനഃ സ്ഥാപിക്കാൻ ആഹ്വാനം ചെയ്യുന്ന യുഎസ് പ്രമേയം അംഗീകരിച്ച് ഐക്യരാഷ്ട്രസഭാ സുരക്ഷാ സമിതി.

**The Unites Nations Security Council has adopted a US-drafted resolution appealing for a swift end to the Ukraine conflict and urging a lasting peace between Russia and Ukraine.**

6. ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ന് ദക്ഷിണാഫ്രിക്ക - ഓസ്ട്രേലിയ പോരാട്ടം.

**In ICC Champions Trophy cricket, South Africa vs Australia match today.**

$$$$$$$$$$$$$$$$$$$$$$

## HEADLINE-1

**PREZ-THREE STATE VISIT**

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ അഞ്ച് ദിവസത്തെ ബിഹാർ, മദ്ധ്യപ്രദേശ്, ഗുജറാത്ത് സന്ദർശനത്തിന് തുടക്കം. സന്ദർശനത്തിൻറെ ആദ്യ ദിവസമായ ഇന്ന് ബിഹാറിലെ പട്ന മെഡിക്കൽ കോളേജിൻറെ ശതാബ്ദി ആഘോഷത്തെ രാഷ്ട്രപതി അല്പസമയത്തിനകം അഭിസംബോധന ചെയ്യും. രണ്ടാം ദിവസം, മധ്യപ്രദേശ് സന്ദർശിക്കുന്ന രാഷ്ട്രപതി, അന്ന് തന്നെ ഗുജറാത്തിലേക്ക് തിരിക്കും. 3 ദിവസം ഗുജറാത്തിലെ വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കും.

$$$$$$$$$$$$$$$$$$$$$$

## HEADLINE-2

***PM ASSAM VISIT INTRO***

***ആഗോളതലത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്ന സാഹചര്യത്തിലും ഇന്ത്യയുടെ വികസനം ദ്രുതഗതിയിൽ മുന്നോട്ടുപോകുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. അസമിലെ ഗുവാഹത്തിയിൽ നടക്കുന്ന അഡ്വാന്റേജ് അസം 2.0 നിക്ഷേപ അടിസ്ഥാന സൗകര്യ വികസന ഉച്ചകോടിയുടെ പ്ലീനറി സെഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ രാജ്യം കഠിനമായി പരിശ്രമിക്കുകയാണ്. ഇതിന് ഊർജ്ജം പകരുന്നത് രാജ്യത്തെ കഴിവുറ്റ യുവജനതയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.***

***(ഹോൾഡ് വോയിസ്)***

***രാജ്യത്തിന്റെ വികസനത്തിന് അസം നൽകുന്ന സംഭാവനകൾ വളരെ വലുതാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. നിക്ഷേപ സൌഹൃദമായ അന്തരീക്ഷമാണ് അസം ഒരുക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. സമ്മേളനത്തിൽ അസം ഗവർണർ- എൽപി ആചാര്യ, അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ, കേന്ദ്ര മന്ത്രിമാർ തുടങ്ങിയവർ പങ്കെടുത്തു.***

***രണ്ട് ദിവസം നീണ്ടുനിൽക്കുന്ന ഉച്ചകോടിയിൽ 240-ലധികം പ്രദർശകർ പങ്കെടുക്കും.***

$$$$$$$$$$$$$$$$$$$$$$

**SHIVRAJ - SARAS**

കരകൗശല വിദഗ്ധരുടെയും തൊഴിലാളികളുടെയും സമഗ്രമായ വളർച്ചയും വികാസവും പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് ഉത്തർപ്രദേശിലെ നോയിഡ ഹാത്തിൽ സംഘടിപ്പിച്ചിരിക്കുന്ന സരസ് ആജീവിക മേള, കേന്ദ്ര ഗ്രാമവികസന മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ഉദ്ഘാടനം ചെയ്യും. ദേശീയ ഗ്രാമ വികസന - പഞ്ചായത്തീരാജ് ഇൻസ്റ്റിട്യൂട്ടിൻറെ പിന്തുണയോടെ ഗ്രാമവികസന മന്ത്രാലയം സംഘടിപ്പിക്കുന്ന മേളയുടെ അഞ്ചാമത്തെ പതിപ്പാണിത്.

$$$$$$$$$$$$$$$$$$$$$$

## HACKATHON

സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം സംഘടിപ്പിക്കുന്ന 'INNOVATE WITH GOI STATS ' ഡാറ്റാ-വിഷ്വലൈസേഷൻ ഹാക്കത്തോണിന് ഇന്ന് തുടക്കമാകും. 'ഡാറ്റാ-ഡ്രിവൺ ഇൻസൈറ്റ്സ് ഫോർ വിക്സിത് ഭാരത്' എന്നതാണ് ഹാക്കത്തോണിന്റെ പ്രമേയം. നൂതനാശങ്ങൾ സൃഷ്ടിക്കുന്നതിന് എൻ എസ് ഒ യുടെ വിപുലമായ സ്ഥിതിവിവരക്കണക്കുകളുടെ ശേഖരം പ്രയോജനപ്പെടുത്താൻ രാജ്യത്തെ യുവജനങ്ങളെ പ്രചോദിപ്പിക്കുക എന്നതാണ് ഹാക്കത്തോൺ ലക്ഷ്യമിടുന്നത്. മാർച്ച് 31 വരെ MyGov പ്ലാറ്റ്ഫോമിലാണ് ഹാക്കത്തോൺ .

$$$$$$$$$$$$$$$$$$$$$$

## ODISHA – EARTHQUAKE

ബംഗാൾ ഉൾക്കടലിൽ ഇന്ന് രാവിലെ ഉണ്ടായ ഭൂകമ്പത്തെ തുടർന്ന് ഒഡീഷയുടെ പല ഭാഗങ്ങളിലും നേരിയ ഭൂചലനങ്ങൾ അനുഭവപ്പെട്ടു. സമുദ്രനിരപ്പിൽ നിന്ന് 91 കിലോമീറ്റർ താഴെയുണ്ടായ ഭൂചലനം റിക്ടർ സ്കെയിലിൽ 5.1 തീവ്രത രേഖപ്പെടുത്തി. ആളപായമോ നാശനഷ്ടമോ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല .

$$$$$$$$$$$$$$$$$$$$$$

## ARMY CHIEF

കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ഫ്രഞ്ച് സൈനിക മേധാവി ജനറൽ പിയറി ഷില്ലുമായി ഫ്രാൻസിൽ കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി പ്രതിരോധ സഹകരണം, ഇരു സേനകളും തമ്മിലുള്ള സൈനിക ബന്ധം, ആഗോള സമാധാനത്തിനും സുരക്ഷയ്ക്കും വേണ്ടിയുള്ള പരസ്പര പ്രതിബദ്ധത തുടങ്ങിയ വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്തു.

$$$$$$$$$$$$$$$$$$$$$$

# HEADLINE-4

## DELHI ASSEMBLY-AAP MLAs SUSPENSION

ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വി കെ സക്സേന നിയമസഭയെ അഭിസംബോധന ചെയ്തു. അഴിമതിരഹിത ഭരണം, സ്ത്രീശാക്തീകരണം, ശുചിത്വം, ശുദ്ധമായ കുടിവെള്ളം തുടങ്ങിയവ ഉറപ്പാക്കുകയാണ് പുതിയ സർക്കാരിന്റെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. അതേസമയം, സഭയിൽ പ്രതിഷേധിച്ച 15 ആം ആദ്മി പാർട്ടി എംഎൽഎമാരെ സ്പീക്കർ വിജേന്ദർ ഗുപ്ത സസ്പെൻഡ് ചെയ്തു. തുടർന്ന് സഭയിൽ നിന്ന് പുറത്താക്കപ്പെട്ട എംഎൽഎമാർ നിയമസഭയക്ക് മുന്നിൽ പ്രതിഷേധം നടത്തി.

$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

**KERALA BYPOLL**

കേരളത്തിൽ 28 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ 15 സീറ്റുകളിൽ എൽ.ഡി.എഫിനും 13 ഇടത്ത് യു.ഡി.എഫിനും വിജയം. മൂന്നിടത്ത് മറ്റുള്ളവർക്കാണ് വിജയിച്ചത്. ആകെ 30 സീറ്റുകളിലേക്കാണ് തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചത്. കാസർകോട് ജില്ലയിലെ രണ്ട് വാർഡുകളിൽ എതിരില്ലാതെ സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇന്നലെ നടന്ന വോട്ടെടുപ്പിൽ 65.83 - ആണ് പോളിംഗ് ശതമാനം.

$$$$$$$$$$$$$$$$$$$$$$$

**VENJARAMOODE MURDER**

വെഞ്ഞാറമൂട് കൂട്ടക്കൊലപാതക കേസിലെ പ്രതി അഫാനെ ഇന്ന് തന്നെ ചോദ്യം ചെയ്തേക്കുമെന്ന് റിപ്പോർട്ട്. ഇതിനായി പോലീസ് ഡോക്ടറുടെ അനുമതി തേടിയിട്ടുണ്ട്. ഡോക്ടറുടെ നിർദ്ദേശപ്രകാരമായിരിക്കും പ്രതിയെ ചോദ്യം ചെയ്യുക. ആരോഗ്യസ്ഥിതി അനുസരിച്ചായിരിക്കും അറസ്റ്റ് നടപടികൾ. അഫാൻ മയക്കുമരുന്ന് അടിമയാണോ എന്നും പരിശോധന നടത്തും. ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി

മൃതദേഹങ്ങൾ മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടത്തിനായി കൊണ്ടുപോയി.

$$$$$$$$$$$$$$$$$$$$$$

***EAM JAISHANKAR INTRO***

***മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തിനായി എല്ലായ്പ്പോഴും ഇന്ത്യ സുപ്രധാന പങ്ക് വഹിക്കുന്നതായി വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. ജനീവയിൽ നടക്കുന്ന ഐക്യരാഷ്ട്ര സഭയുടെ 58-ാമത് സമ്മേളനത്തെ വിർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സമകാലിക ആഗോള യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന ബഹുമുഖ സംവിധാനം ആവശ്യമാണെന്നും ശ്രീ ജയശങ്കർ പറഞ്ഞു.***

*(വോയിസ്)*

$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**UNSC- UKRAINE WAR RESOLUTION**

റഷ്യയും യുക്രെനും തമ്മിൽ ശാശ്വത സമാധാനം പുനഃസ്ഥാപിക്കാൻ ആഹ്വാനം ചെയ്യുന്ന യുഎസ് പ്രമേയം അംഗീകരിച്ച് UNSC. പ്രമേയത്തിന് അനുകൂലമായി 10 വോട്ടുകൾ ലഭിച്ചു. പ്രമേയം സമാധാന കരാറല്ല , മറിച്ച് സമാധാനത്തിലേക്കുള്ള പാതയാണെന്ന് U N ൻറെ ആക്ടിംഗ് യു എസ് അംബാസഡർ ഡൊറോത്തി ഷിയ പറഞ്ഞു .

$$$$$$$$$$$$$$$$$$$$$$

## HEADLINE-6

**CRICKET- ICC CHAMPIONS TROPHY**

ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ന് ദക്ഷിണാഫ്രിക്ക - ഓസ്ട്രേലിയയെ നേരിടും. റാവൽപിണ്ടിയിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2:30

നാണ് മത്സരം. അതേസമയം ഇന്ത്യയും ന്യൂസിലാൻഡും സെമിയിൽ സ്ഥാനം ഉറപ്പാക്കി.

$$$$$$$$$$$$$$$$$$$$$$

## RENJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനൽ നാളെമുതൽ. ഗുജറാത്തിനെതിരെ ചരിത്രവിജയം നേടിയ കേരളം ഫൈനലിൽ വിദർഭയുമായി ഏറ്റുമുട്ടും. നാഗ്പൂരിലാണ് കളി. രഞ്ജി ചരിത്രത്തിലാദ്യമായാണ് കേരളം ഫൈനലിൽ എത്തുന്നത്.

$$$$$$$$$$$$$$$$$$$$$$

## MAHA KUMBH – MAHASHIVRATRI

പ്രയാഗ് രാജിലെ മഹാകുംഭ മേളയ്ക്ക് മഹാശിവരാത്രി ദിവസമായ നാളെ സമാപനം. തീർത്ഥാടകർക്ക് ശിവരാത്രിയിലെ ചടങ്ങുകളിൽ പങ്കെടുക്കുന്നതിന് വിപുലമായ ക്രമീകരണങ്ങ ളാണ് ഒരുക്കിയിരിക്കുന്നത്. ക്ഷേത്ര പരിസരത്തും പുണ്യ സ്നാനം നടത്തുന്ന സ്ഥലങ്ങളിലും ശുചിത്വം ഉറപ്പാക്കാനുള്ള നടപടികൾ തുടർച്ചയായി നിരീക്ഷിക്കുകയാണെന്ന് അധികൃതർ പറഞ്ഞു. കേരളത്തിലും ശിവക്ഷേത്രങ്ങളിലും ശിവരാത്രിയോടനുബന്ധിച്ചുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ശിവരാത്രിയോടനുബന്ധിച്ച് കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചു. നാളെ തൃപ്പൂണിത്തുറയിൽ നിന്നുള്ള സർവീസ് രാത്രി 11.30 വരെയുണ്ടാകും. വ്യാഴാഴ്ച ആലുവയിൽ നിന്നുള്ള സർവീസ് വെളുപ്പിന് 4.30- ന് ആരംഭിക്കും. തുടർന്ന് രാവിലെ ആറ് മണിവരെ അരമണിക്കൂർ ഇടവിട്ട് സർവ്വീസ് ഉണ്ടായിരിക്കും.

$$$$$$$$$$$$$$$$$$$$$$

## SENSEX

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തിൽ. ബോംബെ ഓഹരി സൂചിക സെൻസെക്സ് 234 പോയിന്റ് നേട്ടത്തിൽ 74,688 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 31 പോയിന്റ് ഉയർന്ന് 22,585- ലും വ്യാപാരം തുടരുകയാണ്. സ്വർണവിലയിൽ വർധന. ഗ്രാമിന് 20 രൂപ കൂടി 8,075 രൂപയും പവന് 160 രൂപ വർധിച്ച് 64,600 രൂപയുമായി.

$$$$$$$$$$$$$$$$$$$$$$$

## TELANGANA TUNNEL COLLAPSE

തെലങ്കാനയിൽ തുരങ്കത്തിൽ കുടുങ്ങിയ എട്ട് തൊഴിലാളികൾക്കായുള്ള രക്ഷാപ്രവർത്തനം മൂന്നാം ദിവസവും ഊർജ്ജിതമായി തുടരുന്നു. തെലങ്കാനയിലെ നാഗർകുർണൂൾ ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന തുരങ്കത്തിന്റെ ഒരു ഭാഗം തകർന്ന് വീണാണ് അപകടം ഉണ്ടായത്.ദേശീയ ദുരന്ത നിവാരണ സേന,സൈന്യം,തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനം നടക്കുന്നത്.

$$$$$$$$$$$$$$$$$$$$$$$

## ASHA WORKERS STRIKE

ശമ്പള വർധനവ് അടക്കമുള്ള ആവശ്യങ്ങളുമായി സെക്രട്ടേറിയേറ്റിന് മുന്നിൽ പണിമുടക്കുന്ന ആശവർക്കർമാർ അടിയന്തരമായി ജോലിയിൽ പ്രവേശിക്കണമെന്ന് നിർദ്ദേശം. എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഇത് സംബന്ധിച്ച് ഉത്തരവ് ഇറക്കി. ആശവർക്കർമാർ പണിമുടക്ക് തുടരുകയാണെങ്കിൽ പകരം സംവിധാനം ഏർപ്പെടുത്താൻ മെഡിക്കൽ ഓഫീസർമാർ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$

## UNGA- INDIA ABSTAINS

റഷ്യ-യുക്രൈൻ യുദ്ധവുമായി ബന്ധപ്പെട്ട ഐക്യരാഷ്ട്രസഭയുടെ പൊതുസഭയിൽ അവതരിപ്പിച്ച പ്രമേയങ്ങളുടെ വോട്ടെടുപ്പിൽ നിന്ന് വിട്ടുനിന്ന് ഇന്ത്യ. റഷ്യയെ അപലപിച്ച് യുക്രൈനും പാശ്ചാത്യ രാജ്യങ്ങളും അവതരപ്പിച്ച പ്രമേയത്തെ 93 രാജ്യങ്ങൾ അനുകൂലിച്ചു. 18 രാജ്യങ്ങൾ പ്രമേയത്തെ എതിർത്ത് വോട്ട് ചെയ്യപ്പോൾ 65 രാജ്യങ്ങൾ വിട്ടുനിന്നു.

$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$

$$$$$